**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 492    01.07.2019-ൽ മറുപടിക്ക്**

**വ്യാപാരസ്ഥാപനങ്ങളിൽ എൻഫോഴ്‌സ്മെന്റ് വിഭാഗം റെയ്ഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, കെ.എം.ഷാജി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.ബഷീർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയശേഷം നികുതി വരുമാനം കുറഞ്ഞതിനെ ത്തുടർന്ന് വ്യാപാരസ്ഥാപനങ്ങളിൽ എൻഫോഴ്‌സ്മെന്റ് വിഭാഗം റെയ്ഡ് നടത്തിയിരുന്നോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന വ്യാപകമായി 76 സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റെയ്ഡിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 76 സ്ഥാപനങ്ങൾ റെയ്ഡ് നടത്തിയതിൽ 19 സ്ഥാപനങ്ങളുടെ കണക്കുപരിശോധിച്ച് തീർപ്പാക്കിയതിൽ നിന്നും 3.11 കോടി രൂപ നികുതി ഇനത്തിലും പിഴയായും ഈടാക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ചു വരുന്നതും അവിടുന്ന് കണ്ടെടുത്ത സ്റ്റേറ്റുമെന്റുകളും പരിശോധനയുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളും വ്യാപാരിയുടെ റിട്ടേണുകളും കണക്കുകളുമായി ഒത്തുനോക്കി പരിശോധിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പിന്റെ യഥാർത്ഥ കണക്കുകൾ മേൽപ്പറഞ്ഞ പരിശോധനയ്ക്ക് ശേഷമേ വ്യക്തമാവുകയുള്ളൂ. |
| (സി) | ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കിയ ശേഷം മൂന്ന് മാസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കാത്തവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | (സി) | ഓഗസ്റ്റ് 2017 മുതൽ ഫെബ്രുവരി 2019 വരെ ജി.എസ്.ടി ആർ -3 ബി റിട്ടേണുകൾ ഫയൽ ചെയ്യാത്ത, നികുതി ബാധ്യത വരുന്ന വ്യാപാരികൾക്ക് ഓരോ മാസത്തേക്കുമുള്ള ഡിഫോൾട്ടർ 3A നോട്ടീസുകൾ ഈ സാമ്പത്തിക വർഷം അയച്ചു കൊടുത്തിട്ടുണ്ട്. ഇത്തരത്തിൽപെട്ട 2628 നികുതിദായകരിൽ |

| | | | |
|---|---|---|---|
| | | | നിന്നും 14,654 നോട്ടീസുകൾ അയച്ചതിൽ ഇതുവരെ 1381 നികുതിദായകർ 3118 റിട്ടേണുകൾ ഫയൽ ചെയ്തു. ഇതിൽ നിന്നും ആകെ 67.07 കോടി രൂപ നികുതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**